# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **2382** **01.04.2013**-ൽ മറുപടിക്ക്

**<u>കോഴിക്കോട് സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയിൽ തിയേറ്റർ കോംപ്ലക്സ്</u>**

| **<u>ചോദ്യം</u>** | **<u>മറുപടി</u>** |
|---|---|
| ശ്രീ. എ. പ്രദീപ് കുമാർ | ശ്രീ.വി.എസ്.ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) കോഴിക്കോട് മെഡിക്കൽ കോളേജ് സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയിൽ തീയേറ്റർ കോംപ്ലക്സിനായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അനുവദിച്ച 20 കോടി രൂപയിൽ എത്ര രൂപ ഏതെല്ലാം ആവശ്യങ്ങൾക്കാണ് ചെലവഴിച്ചതെന്ന് വിശദമാക്കുമോ;<br>(ബി) ഇതിൽ അവശേഷിക്കുന്ന തുക ഏത് അക്കൗണ്ടിൽ എവിടെയാണുള്ളതെന്ന് വിശദമാക്കുമോ; | (എ) യും (ബി)യും<br>കോഴിക്കോട് മെഡിക്കൽ കോളേജ് സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയിൽ തിയേറ്റർ കോംപ്ലക്സിനായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 20 കോടി രൂപ വകയിരുത്തിയെങ്കിലും 10 കോടി രൂപയാണ് അനുവദിച്ചത്. അതിൽ 5 കോടി രൂപയ്ക്ക് സർജിക്കൽ ഉപകരണങ്ങൾ വാങ്ങുകയും ബാക്കി 5 കോടി രൂപ മറ്റാവശ്യങ്ങൾക്കായി റീ അപ്രോപ്രിയേറ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ തുക അവശേഷിക്കുന്നില്ല. |
| (സി) അവശേഷിക്കുന്ന തുക ഏതെല്ലാം ആവശ്യങ്ങൾക്കാണ് ചെലവഴിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) ബാധകമല്ല |

സെക്ഷൻ ഓഫീസർ